പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5843 27.10.2011-ൽ മറുപടിയ്ക്ക്

മൃഗസംരക്ഷണവകുപ്പിന്റെ ആഭിമുഖ്യത്തിൽ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. സത്യൻ : | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി |
| (എ) മൃഗസംരക്ഷണവകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ; | (എ) | മൃഗസംരക്ഷണവകുപ്പ് മുഖേന പദ്ധതി വിഹിതം വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടും കൂട്ടി ഒരു ബൃഹത് പദ്ധതി നടപ്പിലാക്കി വരുന്നു. കന്നുകുട്ടി പരിപാലന പദ്ധതിയെന്ന് അറിയപ്പെടുന്ന ഈ പദ്ധതിയിലൂടെ സങ്കരയിനം പശുക്കുട്ടികൾക്ക് 28 മാസം/ ആദ്യ പ്രസവം, ഏതാണോ ആദ്യം, അതുവരെയുള്ള കാലയളവിലേയ്ക്ക് സൗജന്യ നിരക്കിൽ തീറ്റ, ഇൻഷൂറൻസ്, രോഗ പരിരക്ഷ എന്നിവ നൽകുന്നുണ്ട്. ഇതു കൂടാതെ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രികളെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്രം ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയും പഞ്ചായത്ത്/ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ ജില്ലാ/ ബ്ലോക്ക് / ഗ്രാമപഞ്ചായത്ത് പദ്ധതികൾ മുഖേന ആവിഷ്ക്കരിയ്ക്കുന്നതിനും, അവ നടപ്പിലാക്കുന്നതിനും മൃഗസംരക്ഷണ വകുപ്പ് മുഖ്യ പങ്ക് വഹിയ്ക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടും സഹായത്തോടും കൂടി പേവിഷബാധാ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നു. കോർപ്പറേഷനുകളിലൂടെ ആനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതിനും ഗുണനിലവാരമുള്ള മേൽത്തരം മാംസം ഉൽപ്പാദിപ്പിക്കുന്നതിനും അവയുടെ പരിശോധനയ്ക്കും മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പട്ടികജാതി വിഭാഗത്തിന് പ്രത്യേ കമായി എന്തെങ്കിലും പദ്ധതികൾ വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | മൃഗസംരക്ഷണവകുപ്പ് മുഖേന പട്ടികജാതി വിഭാഗക്കാർക്ക് പ്രത്യേകമായി പദ്ധതിക ളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ മൃഗ സംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന പദ്ധതിക ളിൽ പലതിലും പട്ടികജാതി വിഭാഗക്കാർക്ക് പ്രാതിനിധ്യം നൽകി വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് എസ്. സി.പി/ റ്റി.എസ്.പി പൂൾഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 3.829 കോടി രൂപയുടെ പദ്ധതി സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ